"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്തിലെ പ്രളയബാധിത പ്രദേശങ്ങളിൽപ്പെട്ട ഷോപ്പിംഗ് കോംപ്ലക്സിലെ കച്ചവടക്കാർക്ക് വാടകയിനത്തിൽ ഇളവനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ.(സാധാ) നം.2008/2020/ത.സ്വ.ഭ.വ    തീയതി,തിരുവനന്തപുരം, 23/10/2020

---

പരാമർശം:- 1 അന്നമനട ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.10.2018 ലെ സാധാരണയോഗത്തിലെ 23/1-ാം നമ്പർ തീരുമാനം.

<u>ഉത്തരവ്</u>

തൃശ്ശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളിൽ 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ വെള്ളം കയറി നാശനഷ്ടങ്ങൾ സംഭവിച്ചതിനാൽ പ്രസ്തുത കടകൾ വാടകയ്ക്കെടുത്ത് വ്യാപാരം ചെയ്തുവന്നിരുന്ന വ്യാപാരികൾ അപേക്ഷിച്ചതിൻെറ അടിസ്ഥാനത്തിൽ 01.08.2018 മുതൽ മൂന്ന് മാസത്തേക്ക് വാടക ഒഴിവാക്കി നൽകുവാൻ പരാമർശം (1) പ്രകാരം അന്നമനട ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുകയും പ്രസ്തുത തീരുമാനം സർക്കാർ അനുമതിയ്ക്കായി സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പ്രളയക്കെടുതി യിൽപ്പെട്ട കച്ചവടക്കാർക്ക് വാടകയിളവ് നൽകണമെന്ന അന്നമനട ഗ്രാമപഞ്ചായത്തിന്റെ പരാമർശം പ്രകാരമുള്ള തീരുമാനം പരിഗണിച്ച് , ഗ്രാമപഞ്ചായത്തിലെ പ്രളയബാധിത പ്രദേശങ്ങളിൽപ്പെട്ടതും ഗ്രാമപഞ്ചായത്തിൻെറ ഉടമസ്ഥതയിലുള്ളതുമായ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ വാടകയ്ക്കെടുത്ത് വ്യാപാരം ചെയ്തുവന്നിരുന്ന വ്യാപാരികൾക്ക് 2018 ആഗസ്റ്റ് 1 മുതൽ മൂന്ന് മാസത്തെ വാടകയിൽ ഇളവ് അനുവദിച്ചു കൊണ്ട് 1998-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (കരാറുകാർക്കും പാട്ടക്കാർക്കും കിഴിവനുവദിക്കൽ) ചട്ടങ്ങൾ ചട്ടം -5(4) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നന്ദന ആർ പി**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, അന്നമനട ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ/എൽ.ബി.എ), തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ. & പി. ആർ. ഡി. - വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർസി2/115/2019/ത.സ്വ.ഭ.വ.).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ